LIBRARY ARCHIVES Kerala Legislative Assembly

ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതി

192 [1510] ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്കിന്റെ അനുബന്ധ സ്ഥാപനമായി പ്രവർത്തിച്ചുവന്നിരുന്ന കോട്ടയം ജില്ലാ വിനോദ സഞ്ചാര വികസന സഹകരണ സംഘം നമ്പർ കെ. 903-ൽ എത്ര തുകയുടെ അഴിമതി നടന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഘത്തിൽ നടന്ന അഴിമതി സംബന്ധിച്ച വിജിലൻസ് അന്വേഷണം പൂർത്തിയായോ; അതിന്റെ റിപ്പോർട്ട് കിട്ടിയോ;

(സി) പ്രസ്തുത സംഘത്തിൽ നടന്ന അഴിമതിക്ക് ഉത്തരവാദികൾ ആരെല്ലാമാണെന്നാണ് വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്;

(ഡി) അവർ ഏത് രാഷ്ട്രീയ കക്ഷികളിലെ പ്രമുഖ പ്രവർത്തകരായിരുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 3.45 കോടി രൂപയുടെ അഴിമതി നടന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) (ഡി) വിവരം ശേഖരിച്ചുവരുന്നു.

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ വികസന പ്രവർത്തനങ്ങൾ

193 [1511] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ വികസന പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) ആധുനിക ചികിത്സാ സൗകര്യങ്ങളുള്ള ഒരു ഒന്നാംകിട ആശുപത്രിയാക്കി ജനറൽ ആശുപത്രിയെ മാറ്റാൻ ആവശ്യമായ ചെലവ് വഹിക്കാൻ സഹകരണ സ്ഥാപനങ്ങളോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. സഹകരണ ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് സംസ്ഥാന സഹകരണ ബാങ്കിന്റെ ചെലവിൽ 75 ലക്ഷം രൂപ മുടക്കി ഒരു കാർഡിയോളജി യൂണിറ്റ് നിർമ്മിച്ചുകൊടുക്കുവാനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളതായി ബാങ്ക് അറിയിച്ചിട്ടുണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല.